LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം ജില്ലയിലെ ലീഗൽ മെട്രോളജി ആസ്ഥാന മന്ദിരം

204(3127) ശ്രീ. വി. ശശി :താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം ജില്ലയിലെ ലീഗൽ മെട്രോളജി ആസ്ഥാന മന്ദിരത്തിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്രയുക അനുവദിച്ചു ; പ്രസ്തുത യുക ചെലവഴിച്ചിട്ടുണ്ടോ ; പ്രസ്തുത മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണ് ?

ഉത്തരം

തിരുവനന്തപുരം ജില്ലയിലെ ലീഗൽ മെട്രോളജി ആസ്ഥാന മന്ദിരത്തിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 100% C.S.S ആയി 2.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത യുക നിർമ്മാണ ഏജൻസിയായ പി.ഡബ്ല്യു.ഡി-ക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായി നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഓട്ടോറിക്ഷകളുടെ മീറ്ററുകൾ മുദ്രപതിപ്പിക്കാൻ കാലതാമസം വരുത്തുന്നവർക്ക് പിഴ

205(3128) ശ്രീ. രാജു എബ്രഹാം :താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഓട്ടോറിക്ഷകളുടെ മീറ്ററുകൾ മുദ്രപതിപ്പിക്കാൻ കാലതാമസം വരുത്തുന്നവർക്ക് ലീഗൽ മെട്രോളജി വകുപ്പ് 2000 രൂപ പിഴ ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; സർക്കാർ നിർദ്ദേശപ്രകാരമാണോ ഇത്തരത്തിൽ പിഴ ഈടാക്കുന്നത് ;

(ബി) മുദ്രപതിപ്പിക്കാത്ത ഓട്ടോറിക്ഷകൾക്ക് 2000 രൂപ പിഴ ഈടാക്കാൻ എന്തെങ്കിലും നിയമഭേദഗതി വരുത്തിയിട്ടുണ്ടോ ;

(സി) പാവപ്പെട്ട ഓട്ടോറിക്ഷാ ഡ്രൈവർമാർക്ക് താങ്ങാനാവുന്നതിലും അപ്പുറമുള്ള ഫൈൻ ഒഴിവാക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ത് ; ഓട്ടോറിക്ഷാക്കാരിൽ നിന്നും 2000 രൂപ ഫൈൻ വാങ്ങരുത് എന്ന് വകുപ്പുതല ഉദ്യോഗസ്ഥർക്ക് സർക്കാർ രേഖാമൂലം നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ഡി) പതിപ്പിക്കാൻ കാലതാമസംവരുന്ന എല്ലാ അളവുള്ള ഉപകരണങ്ങൾക്കും ഇത്തരത്തിൽ ഫൈൻ ഏർപ്പെടുത്തുന്നുണ്ടോ ;

(ഇ) കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ ഓരോ ജില്ലയിൽനിന്നും ഇത്തരത്തിൽ ഈടാക്കിയ ഫൈൻ എത്രയെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ ;

(എഫ്) ഇത് ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 2009-ലെ ലീഗൽ മെട്രോളജി ആക്ടിലെ (കേന്ദ്രനിയമം) വ്യവസ്ഥ പ്രകാരമാണ് ഇത്തരത്തിൽ പിഴ ഈടാക്കുന്നത്.

(ബി) ഇല്ല.

(സി) സർക്കാർ രേഖാമൂലം നിർദ്ദേശം നൽകിയിട്ടില്ല. എന്നാൽ 1-4-2014 മുതൽ ഓട്ടോ ഫെയർ മീറ്റർ മുദ്ര പതിപ്പിക്കുന്നതിന് കടിശ്ശിക വരുത്തിയിട്ടുള്ളവർക്ക് 2000 രൂപ പിഴ ഈടാക്കുന്നതിന് 2014 ഡിസംബർ 31 വരെ സ്റ്റേ അനുവദിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ)	തിരുവനന്തപുരം.	₹	13,87,000
	കൊല്ലം	₹	6,07,000
	ആലപ്പുഴ	₹	2,88,000
	പത്തനംതിട്ട	₹	1,76,000
	കോട്ടയം	₹	1,36,000
	ഇടുക്കി	₹.	44,000
	എറണാകുളം	₹	78,000
	തൃശ്ശൂർ	₹	3,96,000
	പാലക്കാട്	₹	2,32,000

LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം	₹	9,42,156
കോഴിക്കോട്	₹	16,64,629
വയനാട്	₹	1,97,687
കണ്ണൂർ	₹	6,47,076
കാസർഗോഡ്	₹	2,80,000

(എഫ്) നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പിഴ ഒഴിവാക്കാൻ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

കയർ മേഖലയെ ശക്തിപ്പെടുത്താൻ നടപടികൾ

206(3129) ശ്രീ. എസ്. ശർമ്മ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് കയർ മേഖലയെ ശക്തിപ്പെടുത്താൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ;

(ബി) ഇതുമൂലം കയർ മേഖലയിൽ ഉണ്ടായ നേട്ടങ്ങൾ എന്തൊക്കെയാണ് ; വിശദമാക്കാമോ ?

ഉത്തരം

(എ) കയർ മേഖലയെ ശക്തിപ്പെടുത്താൻ ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച ചില പ്രധാന നടപടികൾ ചുവടെ കൊടുക്കുന്നു.

1. പുനരുദ്ധാരണ പദ്ധതി പ്രകാരമുള്ള പ്രവർത്തന മൂലധനത്തിന്റെ പരിധി വർദ്ധിപ്പിച്ചു;

2. പ്രവർത്തനക്ഷമമായ എല്ലാ സംഘങ്ങൾക്കും പുനരുദ്ധാരണ പദ്ധതി പ്രകാരം 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ യഥാക്രമം 9,54,73,406, 8,96,92,648, 1,45,25,260 രൂപയും നടപ്പുവർഷം 8,84,250 രൂപയും പ്രവർത്തന മൂലധനമായി അനുവദിച്ചു

LIBRARY ARCHIVES Kerala Legislative Assembly